# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ കടബാധ്യത</u>

7757 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ കടബാധ്യത എത്ര കോടിരൂപയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ കടബാധ്യത എത്ര കോടി രൂപയായി ഉയർന്നു; ആയതുപ്രകാരം ഇപ്പോൾ സംസ്ഥാനത്തിലെ ഓരോ വ്യക്തിയുടെയും കടബാധ്യത എത്രയെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഇതിൽ കേന്ദ്രത്തിലെ വിവിധ മന്ത്രാലയങ്ങളിൽ നിന്നും വാങ്ങിയിട്ടുള്ള കടം എത്ര കോടിരൂപയാണ്; ഇതിൽ എത്ര കോടി രൂപ എഴുതിത്തള്ളണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഇപ്രകാരമുള്ള വമ്പിച്ച കടബാധ്യത കുറയ്ക്കാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

## ചെക്കുപോസ്റ്റുകളിലെ വെയ്ബ്രിഡ്ജുകൾ

7758 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ചെക്ക് പോസ്റ്റുകളിലാണ് വെയ്ബ്രിഡ്ജുകൾ ഉള്ളതെന്നും ഇതിൽ എവിടെയൊക്കെയാണ് ഇലക്ട്രോണിക് വെയ് ബ്രിഡ്ജുകൾ ഉള്ളതെന്നും വ്യക്തമാക്കുമോ;

(ബി) നിലവിൽ ഏതൊക്കെ ചെക്ക് പോസ്റ്റുകളിൽ വെയ്ബ്രിഡ്ജ് പ്രവർത്തന ക്ഷമമമാണെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിലെ പ്രധാന ചെക്ക് പോസ്റ്റുകളിൽ ഒന്നായ ആര്യങ്കാവിൽ എന്നു മുതലാണ് വെയ്ബ്രിഡ്ജ് ഉപയോഗ ശൂന്യമായത്; തൻമൂലം നാളിതുവരെ അമിതഭാരം കയറ്റി വരുന്ന വാഹനങ്ങൾക്ക് പിഴ ചുമത്താത്തതുമൂലം എത്ര ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്;

(ഡി) ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ ഇലക്ട്രോണിക് വെയ്ബ്രിഡ്ജ് സംവിധാനം ആരംഭിക്കുന്നതും, അമരവിള, വാളയാർ ചെക്ക് പോസ്റ്റുകളിൽ ഇവയുടെ പ്രവർത്തനം സ്വകാര്യ ഏജൻസിയെയാണോ ഏല്പിച്ചിട്ടുള്ളത്; എങ്കിൽ ഇതിന്റെ കൃത്യതയും കാര്യക്ഷമതയും വിലയിരുത്തുവാൻ ഏത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഇ) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുവാൻ ഏകീകൃത സംവിധാനം എന്ന നിലയിൽ ലീഗൽ മെട്രോളജി വകുപ്പിന്റെ കീഴിൽ ആധുനിക സാങ്കേതിക സംവിധാനത്തോടെ വെയ്ബ്രിഡ്ജു കളുടെ കൃത്യത ഉറപ്പുവരുത്തി വാഹനങ്ങൾക്ക് നിശ്ചിത തുക യൂസേഴ്സ് ഫീ ഈടാക്കി കൃത്യമായ വരുമാനം ഉറപ്പാക്കുന്ന സംവിധാനം കൊണ്ടുവരുന്നത് നന്നായിരിക്കുമോ; ഇത് പരിഗണിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

## പെൻഷൻ വകുപ്പ് രൂപീകരണം

7759 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെൻഷൻകാർക്ക് നിലവിൽ ഏതെങ്കിലും ചികിത്സാ പദ്ധതികൾ ഉണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ഇല്ലായെങ്കിൽ പെൻഷൻകാർക്ക് ഗുണകരമാകും വിധം ഏതെങ്കിലും ചികിത്സാ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) നിശ്ചിത പ്രായം കഴിഞ്ഞ പെൻഷൻകാർക്ക് പ്രത്യേക പരിഗണന നൽകി പെൻഷൻ വർദ്ധനവ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതുമായി ബന്ധപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് പെൻഷൻ ആനുകൂല്യം പറ്റുന്ന എത്ര ജീവനക്കാരാണുള്ളത്; ഇവർക്ക് വേണ്ടി പെൻഷൻ വകുപ്പ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി</u>

7760 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയ ഇടങ്ങളിൽ ജീവനക്കാർക്ക് അർഹതപ്പെട്ട പെൻഷൻ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

7761 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇത് സംബന്ധിച്ച് വാർത്താസമ്മേളനത്തിൽ വെളിപ്പെടുത്തിയ വിവരങ്ങൾ സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ എന്നുമുതൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം കാറ്റഗറിയിൽപ്പെട്ട ജീവനക്കാരെയാണ് ഇതിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിയ്ക്കുന്നത് ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>പെൻഷൻകാരുടെ ചികിൽസാ പദ്ധതി</u>

7762 ശ്രീ. വി. പി. സജീന്ദ്രൻ
,, കെ. അച്ചുതൻ
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിലെ പെൻഷൻകാരുടെ ചികിൽസാ പദ്ധതി പുനഃസംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതേക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം വിഷയങ്ങളാണ് പഠനവിധേയമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>പേ റിവിഷൻ റീ ഓപ്ഷൻ നൽകൽ</u>

7763 ശ്രീ. വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2004-ലെ പേ റിവിഷൻ റീ ഓപ്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് 05.01.2012-ലെ ജി.ഒ.(പി) 8/12/ഫിൻ. ഉത്തരവിൽ 3-ാം ഖണ്ഡികയിൽ 2 ക്ലാസ് ആയി പറഞ്ഞിട്ടുള്ള (cases involving retrospective change in pre revision pay consequent on audit scrutiny/objection, or any other reason with reference to which pay in the revised scale was fixed.) ഇതിൽ or any other reason എന്ന് തുടങ്ങുന്നതു മുതലുള്ള ഭാഗം ഉദ്ദേശിക്കുന്നത് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) G.O.(P)8/12/Fin. dated 05.01.2012 പ്രകാരം ഓപ്ഷൻ നൽകിയത് സംബന്ധിച്ച് വന്ന തെറ്റുകളിൽ എ.ജി.യോ മറ്റ് പരിശോധകരോ ഓഡിറ്റ് ഒബ്ജക്ഷനോ സ്ക്രൂട്ടിനിയോ പ്രകാരം കണ്ടുപിടിച്ചിട്ടില്ലാ എന്നുണ്ടെങ്കിൽ 2004-ലെ പേ റിവിഷൻ ഓപ്ഷനിൽ വന്ന തെറ്റുകൾ എങ്ങനെ പരിഹരിക്കുമെന്ന് വിശദമാക്കുമോ;

(സി) G.O.(P) 8/12/Fin. പ്രകാരം റീ ഓപ്ഷൻ നൽകാൻ സാധിക്കാതെ വരികയും ജൂനിയറിനേക്കാൾ കുറവ് ശമ്പളം വാങ്ങുകയും ചെയ്യുന്നവരുടെ അനോമലികൾ എങ്ങനെ പരിഹരിക്കും എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ശമ്പള പരിഷ്ക്കരണത്തിലെ അപാകത</u>

7764 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് മുതൽ സെക്ഷൻ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥരുടെ ഏറ്റവും ഒടുവിൽ നടന്ന ശമ്പള പരിഷ്കരണത്തിലെ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ശമ്പള പരിഷ്കരണത്തിൽ മറ്റ് വകുപ്പുകളിലെ സമാന ശമ്പള സ്കെയിലുള്ള തസ്തികകളിൽ ഉയർന്ന സ്കെയിൽ നൽകിയപ്പോൾ അസിസ്റ്റന്റ് മുതൽ സെക്ഷൻ ഓഫീസർവരെയുള്ള തസ്തികകൾക്ക് നാമമാത്രമായ വർദ്ധനവ് വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള ഉദ്യോഗസ്ഥരുടെ പ്രസ്തുത ശമ്പള പരിഷ്ക്കരണത്തിലെ അപാകത പരിഹരിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അസിസ്റ്റന്റ് മുതൽ സെക്ഷൻ ഓഫീസർവരെയുള്ള തസ്തികകളിലെ ശമ്പള പരിഷ്കരണത്തിലെ അപാകത പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റിന് ഡിഗ്രിക്ക് നിശ്ചിത ശതമാനം മാർക്കും കംപ്യൂട്ടർ ഡിപ്ലോമയും ഉൾപ്പെടെയുള്ള യോഗ്യതകളോടുംകൂടി നിയമനം നടത്തുന്ന പ്രസ്തുത വിഭാഗക്കാർക്ക് അർഹമായ ശമ്പളം നൽകുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) ഡിഗ്രി മാത്രം യോഗ്യത നിശ്ചയിച്ചിട്ടുള്ള ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, സബ് ഇൻസ്പെക്ടർ എന്നീ തസ്തികളേക്കാൾ ഉയർന്ന യോഗ്യത നിശ്ചയിച്ച അസിസ്റ്റന്റിന്റെ ശമ്പള സ്കെയിലിൽ അതിനേക്കാൾ ഉയർന്ന വർദ്ധനവ് വരുത്താത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(എഫ്) മുൻ സർക്കാരിന്റെ കാലത്ത് നിലവിൽ വന്ന ശമ്പള പരിഷ്ക്കരണ റിപ്പോർട്ടിലെ സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റിനെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ എന്ന് നാമകരണം ചെയ്യുന്നതിന് ശുപാർശ ചെയ്തിരുന്നോ; എങ്കിൽ പ്രസ്തുത ശുപാർശ നടപ്പിലാക്കുമോ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

ഒൻപതാം ശമ്പളക്കമ്മീഷൻ അടിസ്ഥാനത്തിലെ ശമ്പള പരിഷ്ക്കരണത്തിലെ അനോമലി

7765 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒൻപതാം ശമ്പളക്കമ്മീഷൻ റിപ്പോർട്ടും അതിന്റെ അടിസ്ഥാനത്തിലെ ശമ്പള പരിഷ്ക്കരണവും അനോമലികൾ ഉള്ളതായിരുന്നു എന്നോ ജീവനക്കാർക്ക് പ്രയോജനകരമല്ല എന്നോ എതെങ്കിലും സർവ്വീസ് സംഘടനകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇത്തരം നിവേദനങ്ങളോ പരാതികളോ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; അനോമലികൾ സംബന്ധിച്ച ആക്ഷേപങ്ങൾ ശരിയാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം അനോമലികൾ പരിഹരിക്കുവാൻ ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്നു പറയാമോ ;

(ഡി) സെക്രട്ടേറിയറ്റിലെയും മറ്റ് ചില വകുപ്പുകളിലെയും ഡെപ്യൂട്ടി സെക്രട്ടറിയടക്കമുള്ള ചില തസ്തികകളിൽ മാത്രമേ ശമ്പള പരിഷ്ക്കരണ അനോമലികൾ ഉണ്ടായിട്ടുള്ളൂ എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണോ ആ വിഭാഗം ജീവനക്കാരുടെ മാത്രം ശമ്പള പരിഷ്ക്കരണ അനോമലികൾ പരിഹരിച്ചത് എന്നു വ്യക്തമാക്കുമോ ;

(ഇ) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതടക്കം വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ ഉണ്ടായിരിക്കുന്ന ശമ്പളത്തിലെ അസന്തുലിതാവസ്ഥകളും അനോമലികളും എത്ര മാസങ്ങൾക്കുള്ളിൽ പരിഹരിച്ച് ഉത്തരവിറക്കുമെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

റവന്യൂ വകുപ്പു ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണത്തിലെ അനോമലി

7766 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒൻപതാം ശമ്പളകമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ ശമ്പള പരിഷ്ക്കരണത്തിൽ റവന്യൂ വകുപ്പിലെ ജീവനക്കാരുടെ ശമ്പളത്തിൽ ഒട്ടേറെ അപാകതകൾ ഉണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) റവന്യൂ വകുപ്പിലെ പല തസ്തികകളുടെയും ശമ്പള സ്കെയിൽ പല വകുപ്പുകളിലേയും സമാന തസ്തികകളിലും താഴെയുള്ള തുമായ തസ്തികകളേക്കാളും താഴ്ത്തപ്പെട്ടു എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ പരാതികൾ പരിഹരിക്കുന്നതിനും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് പദവിയിലുള്ള തഹസിൽദാരുടെ ശമ്പള സ്കെയിൽ യു.പി. സ്കൂൾ ഹെഡ്മാസ്റ്ററുടെ ശമ്പള സ്കെയിലിനെക്കാൾ താഴെയായതുമടക്കമുള്ള നിരവധി അനോമലികൾ പരിഹരി ക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ഡി) മുൻ കാലഘട്ടങ്ങളിലേതിനേക്കാളും മറ്റു വകുപ്പുകളിലെ ജീവനക്കാരേക്കാളും റവന്യൂ വകുപ്പ് ജീവനക്കാരുടെ ഇപ്പോഴുള്ള ജോലിഭാരം കുറവാണ് എന്ന് കണ്ടെത്തി യിട്ടുണ്ടോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ശമ്പളപരിഷ്കരണ അനോമലി</u>

7767 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിലെ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് എന്നീ തസ്തികയുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള അനോമലികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ സർവ്വീസ് സംഘടനകളാണ് പ്രസ്തുത അനോമലികൾ നൽകിയിട്ടുള്ളത്?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

## 9-ാം ശമ്പളക്കമ്മീഷൻ ഉത്തരവ് പ്രകാരം പാർട്ട്ടൈം അദ്ധ്യാപകരുടെ ശമ്പളം

7768 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ 9-ാം ശമ്പള കമ്മീഷൻ ഉത്തരവ് പ്രകാരം പാർട്ട്ടൈം അദ്ധ്യാപകരുടെ ശമ്പളം ഫിക്സ് ചെയ്തപ്പോൾ ചില വിദ്യാഭ്യാസ ഉപജില്ലകളിൽ പാർട്ട്ടൈം സർവ്വീസ്, വെയിറ്റേജിന് പരിഗണിയ്ക്കുകയും, ചില വിദ്യാഭ്യാസ ഉപജില്ലകളിൽ വെയിറ്റേജിന് പരിഗണിക്കാതിരിക്കുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാർട്ട്ടൈം അദ്ധ്യാപകരുടെ സർവ്വീസ് ഇൻക്രിമെന്റ് ലഭിയ്ക്കുന്ന സർവ്വീസ് ആയതിനാൽ, എല്ലാ പാർട്ട്ടൈം അദ്ധ്യാപകരുടെയും ശമ്പള ഫിക്സേഷനിൽ പാർട്ട്ടൈം സർവ്വീസ് വെയിറ്റേജിന് പരിഗണിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) പാർട്ട്ടൈം അദ്ധ്യാപകരുടെ പാർട്ട്ടൈം സർവ്വീസ്, ഇൻക്രിമെന്റ് ലഭിക്കുന്ന സർവ്വീസ് ആയതിനാൽ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് പാർട്ട്ടൈം സർവ്വീസ് പരിഗണിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ആസ്തിവികസന ഫണ്ടില്‍ ഉള്‍പ്പെടുത്തുന്ന</u>
<u>പ്രോജക്ടുകളുടെ എണ്ണം</u>

7769 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എം.എല്‍.എ മാരുടെ ആസ്തിവികസന ഫണ്ടില്‍ ഉള്‍പ്പെടുത്തുന്ന പ്രോജക്ടുകളുടെ എണ്ണം അഞ്ചില്‍ നിന്നും വര്‍ദ്ധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) ഈ ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഏതെല്ലാം തരത്തിലുള്ള വികസന പ്രവര്‍ത്തനങ്ങളാണ് സര്‍ക്കാര്‍ ഇതുകൊണ്ടുദ്ദേശിക്കുന്നത്; വിശദവിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പ്രാദേശിക വികസന ഫണ്ട്</u>

7770 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്

**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എം.എൽ.എ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് 2011-2012, 2012-2013 വർഷത്തിൽ സംസ്ഥാനമാകെ നടപ്പിലാക്കുന്നതിന് അംഗീകരിച്ച പദ്ധതികൾ ഏതെല്ലാം; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ദിവസ വേതനക്കാരുടെ വേതന ഘടന പുതുക്കി നിശ്ചയിക്കുവാൻ നടപടി</u>

7771 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ദിവസ വേതനത്തിന് ജോലി ചെയ്യുന്നവരുടെ വേതനം ഏറ്റവും ഒടുവിൽ പുതുക്കി നിശ്ചയിച്ചത് എപ്പോഴാണെന്നു വ്യക്തമാക്കുമോ;

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പളവും ബത്തകളും പരിഷ്ക്കരിക്കുകയും ക്ഷാമബത്ത വർദ്ധിപ്പിച്ച നിരക്കിൽ നൽകുകയും ചെയ്തിട്ടും ദിവസവേതനക്കാരുടെ വേതനം വർദ്ധിപ്പിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അങ്ങനെയെങ്കിൽ ദിവസവേതനത്തിനു ജോലി ചെയ്യുന്നവരുടെ വേതന ഘടന പുതുക്കി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) എന്ന് മുതൽ പുതുക്കിയ വേതനം ഇവർക്കു ലഭ്യമാക്കും എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ഒരു കോടി രൂപയിൽ കൂടുതൽ തുകയ്ക്കുള്ള സ്റ്റേ ചെയ്ത റവന്യൂ റിക്കവറി</u>

7772 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഒരു കോടി രൂപയിൽ കൂടുതൽ തുകയ്ക്കുള്ള എത്ര റവന്യൂ റിക്കവറി നടപടികൾ സർക്കാർ സ്റ്റേ ചെയ്യുകയുണ്ടായിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

ഇന്ധനവില വര്‍ദ്ധനവ് മൂലമുള്ള അധിക ബാദ്ധ്യത

7773 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം ഇന്ധനവിലയില്‍ എത്ര രൂപയുടെ വര്‍ദ്ധനവ് ഉണ്ടായി എന്ന് അറിയിക്കുമോ;

(ബി) ഇന്ധനവില വര്‍ദ്ധനവിലൂടെ എന്ത് അധികവരുമാനമുണ്ടായി എന്നറിയിക്കുമോ;

(സി) ഇന്ധനവില വര്‍ദ്ധനവിന്റെ ഫലമായി സര്‍ക്കാര്‍ വാഹനങ്ങള്‍ക്കുണ്ടായ അധികച്ചെലവുമൂലം സര്‍ക്കാരിന് ഉണ്ടായ ആകെ അധിക ബാധ്യത എത്രയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>അമിത പലിശ നിരോധിക്കാൻ നടപടി</u>

7774 ശ്രീ. വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമിത പലിശ നിരോധിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്; വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക നിയമ നിർമ്മാണം കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ;

(സി) അമിത പലിശ നിരോധിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ചെക്ക്പോസ്റ്റുകളിലൂടെ എത്തുന്ന ചരക്കുകളുടെ നികുതി വെട്ടിപ്പ്</u>

7775 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെക്ക്പോസ്റ്റുകളിലൂടെ കടന്നു പോകുന്ന പാഴ്സൽ സർവ്വീസ് ലോറികളിലൂടെയും ദീർഘദൂര സർവ്വീസ് നടത്തുന്ന എയർബസുകൾ വഴിയും സംസ്ഥാനത്ത് എത്തുന്ന ചരക്കുകളുടെ നികുതി വെട്ടിപ്പ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) നികുതി വെട്ടിപ്പ് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വാണിജ്യ നികുതി സ്ക്വാഡിന്റെ പരിശോധന വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ദീർഘദൂരയാത്രാ എയർബസുകൾ വഴി ചരക്കുകൾ കടത്തുന്നത് പരിശോധിക്കാൻ ചെക്ക്പോസ്റ്റുകളിൽ പരിശോധന നടത്തുവാനുള്ള കൗണ്ടറുകളുടെ എണ്ണം വർദ്ധിപ്പിക്കാനും, ആവശ്യമായ ജീവനക്കാരെ നിയമിക്കാനും അടിയന്തിരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന</u>

7776 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം തൃശ്ശൂർ ജില്ലയിൽ എത്ര പരിശോധനകൾ നടത്തിയിട്ടുണ്ട്;

(ബി) പരിശോധനയിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>തൃശൂർ ജില്ലയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ</u>

7777 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി തൃശൂർ ജില്ലയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) ബജറ്റിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് തൃശൂർ ജില്ലയിൽ ഇനി ഭരണാനുമതി നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>കേശവപുരം സി.എച്ച്.സി. യ്ക്ക് കെട്ടിടം</u>

7778 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ.ഐ.ഡി.എഫ് തഢകക സ്കീമിൽ ഉൾപ്പെടുത്തി കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന കേശവപുരം സി.എച്ച്.സി. യ്ക്ക് വേണ്ടി 200 കിടക്കകൾ ഉള്ള കെട്ടിടം നിർമ്മിക്കുന്നതിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ച പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ബന്ധപ്പെട്ട ഫയൽ നമ്പർ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ</u>

7779 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2011-2012 സാമ്പത്തിക വർഷത്തിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് ബഡ്ജറ്റ് അംഗീകാരം നൽകിയ പ്രവൃത്തികൾ ഏതെല്ലാം; ഓരോ പ്രവൃത്തിയും വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 23.07.2012–ലെ മറുപടിക്ക്

<u>സമ്പാദ്യശീലം</u>

7780 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. എ നെല്ലിക്കുന്ന്
,, കെ. എം. ഷാജി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടത്തരം ജീവിതനിലവാരം പുലർത്തുന്ന വിഭാഗത്തിൽ സമ്പാദ്യശീലം കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഭാഗം വായ്പാ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി സുഖസൗകര്യങ്ങൾ വർദ്ധിപ്പിച്ച് കടക്കെണിയിൽ അകപ്പെടുന്ന പ്രവണത നിയന്ത്രിക്കാൻ എന്തെങ്കിലും പുതിയ നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കാൻ ആകർഷകമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ</u>

7781 ശ്രീ. വി.എസ്. സുനിൽകുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. രാജു
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; ഇതിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും എത്ര ശതമാനം കമ്മീഷൻ വീതമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏജന്റുമാർക്ക് സംസ്ഥാന സർക്കാർ നൽകിവന്ന ആനുകൂല്യങ്ങൾ നിർത്തലാക്കിയിട്ടുണ്ടോ; അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ;

(സി) ഏജന്റുമാരുടെ വേതനം മുൻകാലങ്ങളെപ്പോലെ തുടരുമെന്ന വാഗ്ദാനം നടപ്പാക്കാൻ എന്ത് നടപടികളെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാരുടെ വേതന വ്യവസ്ഥ</u>

7782 ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീമതി കെ. കെ. ലതിക
,, കെ. എസ്. സലീഖ
ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാരുടെ വേതന വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) പഴയ വ്യവസ്ഥയനുസരിച്ച് സംസ്ഥാന സർക്കാർ നൽകേണ്ട തുകയിൽ കുടിശ്ശിക വന്നിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ തുക; ഇത് എന്ന് നൽകാനാവുമെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ വേതന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നൽകിയിരുന്ന വേതനം നിർത്തലാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതേത്തുടർന്ന് വർഷങ്ങളായി ഈ രംഗത്ത് തൊഴിലെടുക്കുന്ന മഹിളാ പ്രധാൻ ഏജന്റുമാർക്കുണ്ടായിരിക്കുന്ന ആശങ്കകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിൽ മഹിളാ പ്രധാൻ ഏജന്റുമാർക്ക് അലവൻസ്</u>

7783 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ മഹിളാ പ്രധാൻ ഏജന്റുമാർക്ക് അവസാനമായി അലവൻസ് ഏത് കാലയളവുവരെയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ബോണസ് ഏത് കാലയളവ് വരെ നൽകാനുണ്ട്;

(സി) പ്രസ്തുത കുടിശ്ശിക തുകകൾ നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പഴക്കമുള്ള ട്രഷറികളിലെ സ്റ്റോറുകളിൽ സൂക്ഷിച്ചിട്ടുള്ള വസ്തുക്കളുടെ കണക്കെടുപ്പ്</u>

7784 ശ്രീ. എം. ഉമ്മർ
,, സി. മോയീൻകുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഴക്കമുള്ള ട്രഷറികളിലെ സ്റ്റോറുകളിൽ സൂക്ഷിച്ചിട്ടുള്ള വിലപിടിപ്പുള്ളതും ചരിത്രമൂല്യമുള്ളതുമായ വസ്തുക്കളുടെ കണക്കെടുപ്പ് ഏറ്റവും ഒടുവിൽ നടത്തിയതെന്നാണ് എന്ന് വ്യക്തമാക്കുമോ; അതിന്റെ വിവരം വെളിപ്പെടുത്തുമോ;

(ബി) ഇത്തരം സ്റ്റോറുകൾ, ആർക്കിയോളജി, ഡ്രഗ്സ് കൺട്രോൾ വിഭാഗങ്ങളുടെകൂടി സഹകരണത്തിൽ പരിശോധിച്ച് വസ്തുവകകൾ തിട്ടപ്പെടുത്താനും, ട്രഷറി ഇടപാടുകളുമായി കാലിക ബന്ധമില്ലാത്ത വസ്തുവകകൾ യഥാവിധി സൂക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ഇന്റേണൽ ഓഡിറ്റിംഗ് സംവിധാനം</u>

7785 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലും മന്ത്രാലയങ്ങളിലും ഇന്റേണൽ ഓഡിറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിന്റെ വരവ് ചെലവ് കണക്കുകൾ കൃത്യമായി പരിശോധിക്കുന്നതിനും വകുപ്പുകളിൽ ഇന്റേണൽ ഓഡിറ്റിംഗ് ക്രിയാത്മകമായി നടപ്പാക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ സാമ്പത്തിക വർഷാവസാനത്തിലും ഓഫീസുകളിൽ കൃത്യമായി ഇന്റേണൽ ഓഡിറ്റിംഗ് നടത്തി വിവരം വകുപ്പ് മേധാവികളെ അറിയിക്കുന്നതിനും അനന്തര നടപടികൾ സ്വീകരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>സ്വയം സംരംഭക മിഷന്റെ രണ്ടാം ഘട്ട പദ്ധതി</u>

7786 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, ആർ. സെൽവരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയം സംരംഭക മിഷന്റെ രണ്ടാം ഘട്ട പദ്ധതിയിൽ എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിന്റെ ഒന്നാം ഘട്ടത്തിൽ എത്ര പുതിയ യൂണിറ്റുകൾക്ക് രൂപം നൽകുകയുണ്ടായി; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ബാങ്കുകളാണ് ഒന്നാം ഘട്ടത്തിൽ സഹകരിച്ചത്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>രാജപുരത്ത് സബ് ട്രഷറി</u>

7787 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി എത്ര സബ്ട്രഷറികൾ അനുവദിച്ചിട്ടുണ്ട് എന്നറിയിക്കുമോ;

(ബി) കാസറഗോഡ് ജില്ലയിലെ മലയോര മേഖലയായ രാജപുരത്ത് സബ്ട്രഷറി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നിലപാട് എന്താണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

## നെന്മാറയിൽ പുതിയ ട്രഷറി

7788

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ കേന്ദ്രീകരിച്ച് പുതിയ ട്രഷറി തുടങ്ങുന്ന പ്രവർത്തനം ഏതു ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;

(ബി) ട്രഷറി തുടങ്ങുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കേണ്ടത് എന്ന് വിശദമാക്കുമോ;

(സി) ഈ ട്രഷറി ആരംഭിച്ചാൽ ഏതൊക്കെ സർക്കാർ ആഫീസുകൾക്കും, എത്ര പെൻഷൻകാർക്കും ഇതിന്റെ ഗുണം ലഭിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>പുതിയ ഭാഗ്യക്കുറി</u>

7789

ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പുതിയ ഭാഗ്യക്കുറികൾ തുടങ്ങി; അവ ഏതെല്ലാം; ഏതൊക്കെ ദിവസങ്ങളിലാണ് ഇവയുടെ നറുക്കെടുപ്പ്; ഇനി പുതിയ ഏതെങ്കിലും ഭാഗ്യക്കുറി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം ഭാഗ്യക്കുറിയിൽ നിന്നും എത്ര കോടി രൂപയുടെ വിറ്റുവരവ് നേടാനാണ് ഉദ്ദേശിക്കുന്നത്; ഇത് കഴിഞ്ഞ സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ എത്ര ശതമാനത്തിന്റെ വർദ്ധനവാണ് വരുന്നത്; കഴിഞ്ഞ മൂന്ന് മാസത്തെ ഭാഗ്യക്കുറി വിറ്റുവരവ് എത്ര; വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ ഓണം ബംബറിൽ നിന്നും എത്ര കോടിയുടെ വിറ്റുവരവും എത്ര കോടിയുടെ അറ്റാദായവും ഉണ്ടായി; ഈ ഓണം ബംബറിൽ എത്ര കോടിയുടെ വിറ്റുവരവാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ;

(ഡി) കേരള ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനങ്ങൾ തുടർച്ചയായി അന്യസംസ്ഥാനങ്ങളിൽ ചെന്നെത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അന്യസംസ്ഥാനത്തുള്ളവരുടെ കള്ളപ്പണം വെളുപ്പിക്കാൻ കേരളത്തിലെ ചില ലോട്ടറി ഏജന്റുമാരുമായി ഒത്തുകളിച്ചാണ് ഇപ്രകാരം കോടിക്കണക്കിന് രൂപയുടെ സമ്മാനങ്ങൾ തുടർച്ചയായി അന്യസംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള ഒത്തുകളി അവസാനിപ്പിക്കാനും ഇത്തരത്തിലുള്ള ഒത്തുകളിക്ക് കൂട്ടുനി

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

ന്നവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**23.07.2012-ലെ മറുപടിക്ക്**

കാരുണ്യ ലോട്ടറി

7790 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാരുണ്യ ലോട്ടറി പദ്ധതി വഴിയുള്ള ധനസഹായം അപേക്ഷ സമർപ്പിച്ച് എത്ര ദിവസത്തിനുള്ളിൽ ലഭ്യമാക്കാറുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 23.07.2012–ലെ മറുപടിക്ക്

<u>കാരുണ്യ ബനവലന്റ് ഫണ്ടില്‍ നിന്നുള്ള ചികില്‍സാധനസഹായം</u>

7791

ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ടില്‍ നിന്നുള്ള ചികില്‍സാധനസഹായത്തിന് അപേക്ഷ സ്വീകരിച്ച് തുടങ്ങിയത് ഏത് തീയതിമുതല്‍ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തീയതിയ്ക്ക് ശേഷം ധനസഹായത്തിനുള്ള അപേക്ഷകള്‍ പരിശോധിച്ച് ശുപാര്‍ശ ചെയ്യുന്ന ജില്ലാതല കമ്മിറ്റിയും സംസ്ഥാന തലകമ്മിറ്റിയും ഏതൊക്കെ തീയതികളില്‍ യോഗം ചേര്‍ന്നിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനതല കമ്മിറ്റി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം എത്രയാണ്;

(ഡി) പ്രസ്തുത ഗുണഭോക്താക്കള്‍ക്ക് തെരഞ്ഞെടുക്കപ്പെട്ട തീയതിയ്ക്ക് ശേഷം എത്ര കാലയളവിനുള്ളില്‍ ധനസഹായം ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ;

(ഇ) ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടശേഷം ധനസഹായം ലഭ്യമാക്കാതെ എത്ര രോഗികള്‍ മരണപ്പെട്ടുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

**<u>സ്വകാര്യ മേഖലയിൽ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ചിട്ടിക്കമ്പനികൾ</u>**

7792

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ചിട്ടിക്കമ്പനികൾക്കെതിരെ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും നിയമം കൊണ്ടുവരുന്നതിനും കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(സി) സർക്കാർ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ഇത്തരം ചിട്ടിക്കമ്പനി നടത്തിപ്പുകാർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>നിയമസഹായ ക്ലിനിക്കുകൾ</u>

7793 ശ്രീ. സണ്ണി ജോസഫ്
,, ബെന്നി ബഹനാൻ
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമസഹായ ക്ലിനിക്കുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളിൽ ഇപ്രകാരമുള്ള ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ നിയമസഹായ ക്ലിനിക്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭനടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്–കക നിയമനങ്ങൾ</u>

7794 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമ വകുപ്പിൽ പി.എസ്.സി. മുഖാന്തിരമല്ലാതെ തസ്തിക മാറ്റം വഴി നടത്തിയിട്ടുളള ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്–കക നിയമനങ്ങൾ റദ്ദ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ നടപടികൾ എന്തായി എന്ന് വിശദമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട ഫയൽ അപ്രത്യക്ഷമായി എന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പി.എസ്.സി. നടത്തേണ്ട എഴുത്ത് പരീക്ഷ എൽ.ബി.എസ്. വഴി നടത്തുവാൻ നിയമ വിരുദ്ധമായി നിർദ്ദേശം നൽകിയ ഉദ്യോഗസ്ഥൻ ആര് എന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ഭവനനിർമ്മാണ ബോർഡിന്റെ കീഴിലെ സ്ഥലം</u>

7795

ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ ബോർഡിന് കീഴിൽ എത്ര വിസ്തൃതി സ്ഥലമുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങൾ പ്രയോജനപ്പെടുത്തി എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ

7796 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഭവന പദ്ധതികളാണ് ബോർഡ് ഏറ്റെടുത്തു നടത്തി വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങൾക്ക് ഏതെല്ലാം ഏജൻസികളാണ് സഹായിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ഹരിത നിർമ്മാണ സാങ്കേതികവിദ്യ</u>

7797 ശ്രീ. കെ. ശിവദാസൻ നായർ
,, ഐ. സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിത നിർമ്മാണ സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുന്നതിന് ഭവന നിർമ്മാണ വകുപ്പ് എന്തെല്ലാം പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്;

(ബി) ഈ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഭവനങ്ങൾ നിർമ്മിച്ച് പൊതുജനങ്ങൾക്ക് നൽകുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ</u>

7798 ശ്രീ. ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കാര്യപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ഗുണ നിലവാരമുള്ള നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദന കേന്ദ്രങ്ങൾ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കെട്ടിട നിർമ്മാണ അനുബന്ധ മേഖലയിൽ യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>കലവറയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി</u>

7799 ശ്രീ. ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മിതിയുടെ നേതൃത്വത്തിലുള്ള കലവറയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) എന്തെല്ലാം കെട്ടിട നിർമ്മാണ സാധനങ്ങളാണ് കലവറ വഴി ന്യായവിലക്കു വിൽക്കുന്നത്; വിശദമാക്കുമോ;

(സി) എല്ലാ ജില്ലകളിലും കലവറ ആരംഭിക്കുന്ന കാര്യം ആലോചനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

മൈത്രി ഭവന നിർമ്മാണ പദ്ധതി

7800 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൈത്രി ഭവന നിർമ്മാണ പദ്ധതിപ്രകാരം കുടിശ്ശിക വരുത്തിയ എത്ര പേർക്കാണ് ലോൺ എഴുതിത്തള്ളൽ സ്കീമിൽ ആനുകൂല്യം ലഭിച്ചത്;

(ബി) എങ്കിൽ ഇത്തരം ആളുകളുടെ ലോൺ തുകകൂടി ഒഴിവാക്കി രേഖകൾ തിരിച്ചുകൊടുക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ഭവനരഹിതരുടെ എണ്ണം</u>

7801 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവനരഹിതരുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ;

(ബി) സാഫല്യം പദ്ധതി എന്ന് തുടങ്ങുവാനാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാർക്ക് ഫ്ളാറ്റ്</u>

7802 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നഗര പ്രദേശങ്ങളിലും മറ്റ് അനുയോജ്യമായ സർക്കാർ ഓഫീസുകൾക്കു സമീപവും ചുരുങ്ങിയ ചിലവിൽ സർക്കാർ ജീവനക്കാർക്ക് ഫ്ളാറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

ജില്ലാ - സംസ്ഥാന നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനം

7803

ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ - സംസ്ഥാന നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മിതി കേന്ദ്രങ്ങൾക്ക് വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതം ഏതൊക്കെ ആവശ്യങ്ങൾക്ക് എത്ര വീതം എന്ന് വിശദമാക്കാമോ;

(സി) സർക്കാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുമ്പോൾ പാലിക്കേണ്ട പൊതുവ്യവസ്ഥകൾ എന്തൊക്കെയാണ്; ഇവ നിലവിലില്ലെങ്കിൽ വ്യവസ്ഥകൾക്ക് രൂപം നൽകുമോ;

(ഡി) ഏറ്റെടുത്ത പ്രവർത്തികൾ മൂന്നുവർഷം കഴിഞ്ഞിട്ടും പൂർത്തിയാക്കാത്തവ ഉണ്ടോ. ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ഇ) വരുമാന വർദ്ധനവിന് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ സന്നദ്ധരായവർക്ക് സഹായം നൽകുമോ;

(എഫ്) കലവറയിലൂടെ വില്പന നടത്തുന്ന സിമന്റ്, കമ്പി എന്നിവയുടെ വിലയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഇത് എല്ലാ കലവറകൾക്കും ബാധകമാണോ; ഇത് മൂലം നഷ്ടം ഉണ്ടായാൽ സഹായം നൽകുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

മൈത്രി ഭവനനിർമ്മാണ ലോൺ കുടിശ്ശിക എഴുതിത്തള്ളുന്നതിന് നടപടി

7804 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഹൗസിംഗ് ബോർഡിൽ നിന്നും മൈത്രി ഭവനനിർമ്മാണ ലോൺ ഒരു ഗഡുമാത്രം കൈപ്പറ്റിയവരുടെ കടം എഴുതിത്തള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?